നൗഷാദ് ചേനപ്പാടി

# പക വെടിയൽ സുന്നത്താണ്

عَنْ أَنَس رَضِي الله عَنْهُ قَالَ: قَالَ لِي رَسُولُ اللهِ صَلَّى الله عَلَيْهِ وَسَلَّمَ : يَا بُنَيَّ إِنْ قَدَرْتَ أَنْ تُصْبِحَ وَتُمْسِيَ وَلَيْسَ فِي قَلْبِكَ غِشٌّ لِأَحَدٍ فَافْعَل. ثُمَّ قَالَ: يَا بُنَيَّ وَذٰلِكَ مِنْ سُنَّتِي، وَمَنْ أَحَبَّ سُنَّتِي فَقَدْ أَحَبَّنِي، وَمَنْ أَحَبَّنِي كَانَ مَعِي فِي الْجَنَّةِ (رواه الترمذي)

**അനസു ബ്നു മാലികി(റ)ൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽ (സ) എന്നോട് പറഞ്ഞു: 'എന്റെ കുഞ്ഞുമകനേ, ഒരാളോടും നിന്റെ ഹൃദയത്തിൽ വിദ്വേഷവും പകയും ഇല്ലാതെ ഓരോ പകലും രാത്രിയും നിനക്കു കഴിച്ചുകൂട്ടാൻ കഴിഞ്ഞാൽ നീ അങ്ങനെത്തന്നെ ചെയ്യണം.' വീണ്ടും അവിടുന്ന് പറഞ്ഞു: 'എന്റെ കുഞ്ഞുമകനേ, അങ്ങനെ ജീവിക്കലാണ് എന്റെ സുന്നത്ത്/ചര്യ. ആര് എന്റെ ചര്യയെ സ്നേഹിച്ചുവോ അവൻ എന്നെ സ്നേഹിച്ചിരിക്കുന്നു. ആര് എന്നെ സ്നേഹിച്ചുവോ നാളെ പരലോകത്ത് അവൻ എന്നോടൊപ്പം സ്വർഗത്തിലുമായിരിക്കും' (ഇമാം തിർമിദി(റ) – 2894).**

പക, പോര്, വഞ്ചന, വിദ്വേഷം എന്നൊക്കെയാണ് غشّ എന്ന വാക്കിന്റെ അർഥം. ഈ എല്ലാ അർഥങ്ങളും ഉൾക്കൊള്ളുന്ന പദവുമാകാം. കുറഞ്ഞ രീതിയിലേ ഇബാദത്ത് ചെയ്തുള്ളൂവെങ്കിലും ഈ പൈശാചിക വികാരം ഇല്ലെങ്കിൽ ഒരുവൻ സ്വർഗസ്ഥനാകുമെന്ന് മറ്റു ഹദീസുകളിലും സൂചനയുണ്ട്. അതും ഒരു മുസ്‌ലിം ആരോടൊപ്പം കഴിയാനാണോ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നത് ആ മഹദ് വ്യക്തിത്വത്തോടൊപ്പം തന്നെ. ഒരു ബസ്സിലാണെങ്കിലും അൽപനേരത്തേക്ക് മാത്രമാണെങ്കിൽപോലും നമുക്കിഷ്ടമില്ലാത്തവരോടൊപ്പമുള്ള യാത്ര എത്ര അരോചകവും മനസ്സിടുക്കമുണ്ടാക്കുന്നതുമായിരിക്കും! അതേപോലെ സൗകര്യങ്ങൾ കുറവായാലും ഇഷ്ടപ്പെട്ടവരുടെ കൂടെയുള്ള ജീവിതം വളരെ ആനന്ദകരമായിരിക്കും. അപ്പോൾ സങ്കൽപാതീതമായ സ്വർഗീയ സുഖങ്ങളോടൊപ്പം, ഒരു മുസ്‌ലിം അല്ലാഹുവിനെക്കഴിച്ചാൽ അവന്റെ ഏറ്റവും പ്രിയപ്പെട്ട പ്രേമഭാജനത്തോടൊപ്പം അനന്തമായി കഴിഞ്ഞുകൂടുക.... അതിനപ്പുറം ഒരനുഗ്രഹം അവനു ലഭിക്കാനുണ്ടോ? അതിനുവേണ്ടി ചെയ്യേണ്ടതോ, ഹൃദയത്തിൽ ഒരാളോടുപോലും വെറുപ്പോ വിദ്വേഷമോ പകയോ ഇല്ലാതെ ജീവിതകാലമത്രയും കഴിഞ്ഞുകൂടുക എന്നതും.

ഇങ്ങനെ ആരോടും പകയും വിദ്വേഷവുമില്ലാതെയുള്ള ജീവിതമാണ് നബി(സ)യുടെ സുന്നത്ത്. സുന്നത്ത് എന്നു പറയുമ്പോൾ നാം എന്തെങ്കിലുമൊക്കെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരണമല്ലോ. ഇവിടെ ഒന്നും പ്രവർത്തിക്കേണ്ട, മനോഭാവം ശുദ്ധമായാൽ മാത്രം മതി. അതിനെയാണ് സുന്നത്ത് എന്നു പറഞ്ഞിരിക്കുന്നത്. സുന്നത്തിനെ ശരിയാംവണ്ണം മുസ്‌ലിം ഉമ്മത്ത് മനസ്സിലാക്കാതെ പോയതിന്റെ ദുരന്തം അവരുടെ ജീവിതത്തെയാകെ തകിടം മറിച്ചിരിക്കുന്നു. ഏതൊരു സുന്നത്തിനു വേണ്ടിയാണോ നബി(സ) ഈ ദുൻയാവിൽ വന്നത് ആ കാര്യം അവിടുത്തെ ഉമ്മത്തിന് ഒരു വിഷയമേ അല്ല. മനുഷ്യസമൂഹത്തിന് അല്ലാഹുവിലേക്ക് വഴികാണിച്ചു കൊടുക്കുക അഥവാ തബ്‌ലീഗും ദഅ്‌വത്തും നടത്തുക എന്ന അതിപ്രധാനമായ സുന്നത്ത്. പിന്നീട് ഏറ്റവും പ്രധാനമായ സുന്നത്ത് സ്വഭാവചര്യകളാണ്. അതിന്റെ പൂർത്തീകരണത്തിനു വേണ്ടിയാണ് താൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് എന്ന് അവിടുന്നുതന്നെ പറയുകയുണ്ടായി. മുസ്‌ലിം ഉമ്മത്ത് അതിപ്രധാനമായ ഈ സുന്നത്തെല്ലാം കൈയൊഴിഞ്ഞ്, എടുത്താൽ കൂലിയുള്ളതും എടുത്തില്ലെങ്കിൽ കൂലി ഇല്ലാത്തതുമായ, അങ്ങേയറ്റം പരിമിതമായ കർമശാസ്ത്ര നിർവചനത്തിൽ അതിനെ ഒതുക്കിക്കളഞ്ഞു. അങ്ങനെ അല്ലാഹുവിന്റെ ഏകത്വസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ഈ ലോകത്തെ മാറ്റിപ്പണിയാൻ വന്ന, വായനയുടെയും പഠനത്തിന്റെയും ഗവേഷണത്തിന്റെയും ദർശനമായ ഇസ്‌ലാം തലപ്പാവിലും താടിയിലും കൈകെട്ടലിലും വിരലനക്കലിലും ഖുനൂത്തിലും തറാവീഹിന്റെ റക്അത്ത് എണ്ണത്തിലും അതിലെ വാദപ്രതിവാദത്തിലുമായി ചുരുക്കപ്പെട്ടു. ലോകത്തിന്റെ നേതൃത്വവും നിയന്ത്രണവും കൈയേറ്റ് മാനവതക്ക് മാർഗദർശനം നൽകി, നീതിക്കും സമത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി നിലകൊള്ളേണ്ട ഒരു ജീവിത വ്യവസ്ഥക്ക് അതിന്റെ അനുയായികൾ ഏൽപ്പിച്ച കനത്ത ആഘാതമാണിത്. ഈ ലോകത്ത് ഇതിനേക്കാൾ വലിയ നഷ്ടവും ദുരന്തവും മനുഷ്യസമൂഹത്തിന് വേറെന്തുണ്ട്!